2. 26-9-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 395/2013/ ആ.കു.വ. പ്രകാരം കോഴിക്കോട്, ബാലുശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രം,

3. 1-11-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 434/2013/ ആ.കു.വ. പ്രകാരം വണ്ടൂർ സാമൂഹികാരോഗ്യകേന്ദ്രം, മലപ്പുറം,

4. 13-12-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 484/2013/ ആ.കു.വ. പ്രകാരം അരീക്കോട് സാമൂഹികാരോഗ്യകേന്ദ്രം, മലപ്പുറം,

5. 12-2-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 48/2014/ ആ.കു.വ. പ്രകാരം എറണാകുളം പള്ളുരുത്തി സാമൂഹികാരോഗ്യ കേന്ദ്രം,

6. 18-11-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 263/2015/ ആ.കു.വ. പ്രകാരം ഇടുക്കി കട്ടപ്പന സാമൂഹികാരോഗ്യ കേന്ദ്രം എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലി ചെയ്യുന്ന വെൽഫെയർ സെന്ററുകളുടെ വാടക കുടിശ്ശിക

3 (692) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആരോഗ്യ മേഖലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലിചെയ്യുന്ന വെൽഫെയർ സെന്ററുകളുടെ വാടക കുടിശ്ശിക എത്രകൊണ്ടാണ് സർക്കാർ നൽകാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) വാടക നൽകാത്തതു സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർമാരോ ആരോഗ്യ വകുപ്പ് ഡയറക്ടറോ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ, എങ്കിൽ ആയത് ശ്രദ്ധയിൽപ്പെട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വാടക കുടിശ്ശികയായതുമൂലം കെട്ടിടം ഒഴിയണമെന്ന് ഉടമകൾ ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇപ്രകാരം വാടക നൽകാത്തതുമൂലം കെട്ടിടം ഒഴിയേണ്ടിവന്നാൽ അതിൽ പ്രവർത്തിക്കുന്ന വെൽഫയർ സെൻറുകളിൽ നിന്നുമുള്ള സേവനം കുട്ടികൾക്കും സ്ത്രീകൾക്കും എങ്ങനെ നൽകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ വാടക എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫാമിലി വെൽഫയർ സബ്സെന്ററുകളുടെ വാടക മുൻവർഷങ്ങളിൽ എൻ.ആർ.എച്ച്.എം. വഴിയാണ് നൽകിയിരുന്നത്. ഇപ്പോൾ അവിടെ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് നൽകാൻ കഴിയാത്തത്. എൻ.ആർ.എച്ച്.എം.-ൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആലപ്പുഴ, കൊല്ലം, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർമാർ ഇപ്പോൾ അവിടത്തെ വാടക കുടിശ്ശികയുടെ ലിസ്റ്റ് നൽകിയതനുസരിച്ച് ആയതിനുള്ള ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ആലപ്പുഴ, കൊല്ലം, മലപ്പുറം എന്നീ ജില്ലാ മെഡിക്കൽ ഓഫീസർമാർ അവിടെയുള്ള ഫാമിലി വെൽഫയർ സബ്സെന്ററുകളുടെ വാടക കുടിശ്ശികയുടെ ലിസ്റ്റ് ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന 26-11-2015-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) വാടക കെട്ടിടം ഒഴിയണമെന്ന് ഉടമകൾ ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയതു കഴിവതും വേഗം നൽകുന്നതാണ്.

മെഡിക്കൽ കോളേജ് സ്ഥാപിക്കൽ

4 (693) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രി വളപ്പിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി അവിടെയുള്ള എത്ര കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ; പ്രസ്തുത കെട്ടിടങ്ങളിൽ ഏതൊക്കെ ചികിത്സാ വിഭാഗങ്ങൾ ആണ് പ്രവർത്തിച്ചു കൊണ്ടിരുന്നതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly